©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2026 സെപ്റ്റംബർ 08<br>08th September 2026<br>1202 ചിങ്ങം 23<br>23rd Chingam 1202<br>1948 ഭാദ്രം 17<br>17th Bhadra 1948 | നമ്പർ<br>No. | 2437 |

### 1961- ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-ാം വകുപ്പ് പ്രകാരമുള്ള പരസ്യം

നമ്പർ: LAGL/96/2023-B1 2026 സെപ്തംബർ 07

ചാവക്കാട് താലൂക്ക് തളിക്കുളം, നാട്ടിക വില്ലേജിലെ താഴെ പറയുന്ന സർവെ നമ്പരുകളിൽപ്പെടുന്ന ഭൂമിയുടെ സർവെ നടത്തണമെന്ന് സർക്കാർ നിർദേശിച്ചിരിക്കുകയാൽ ഈ വില്ലേജിൽ സർവെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും മേൽപ്പറഞ്ഞ വില്ലേജിലെ താഴെപ്പറയുന്ന സർവെ നമ്പരുകളുടെ അതിർത്തി തിരിച്ച് സർവെ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

മേൽപ്പറഞ്ഞ ഭൂമിയുടെ ഉള്ളിലോ അഥവ അവയോടു ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമികളിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതതു സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം മേൽപ്പറഞ്ഞ ഭൂമിയിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) -ാം വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും :-

(എ) സർവെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ

15 ദിവസത്തിനകം മുറിച്ച് കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റു ലൈനുകളോ വെടിപ്പാക്കണമെന്നും:

(ബി) കൊടിപിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും:

(സി) അനുയോജ്യമായ സർവെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ, അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കാവുന്നതാണ്.

## ഭൂമിയുടെ വിശദവിവരങ്ങൾ

**ജില്ല - തൃശ്ശൂർ**

**താലൂക്ക് :- ചാവക്കാട്** **വില്ലേജ്:- തളിക്കുളം**

സർവേ നമ്പരുകൾ: 164, 177, 179, 180, 182, 183, 184, 185, 186, 187

**താലൂക്ക് :- ചാവക്കാട്** **വില്ലേജ്:- നാട്ടിക**

സർവേ നമ്പരുകൾ: Parcel Numbers - 173, 175, 176, 177, 178, 179, 180, 181, 182, 184, 185, 186, 194, 213, 215, 216, 217, 218, 219, 220, 222, 224, 229, 300

സ്പെഷ്യൽ തഹസിൽദാർ
എൽ. എ. ജനറൽ, തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.08 08:28:10 +05:30